# ഗവ.എൽ.പി.സ്കൂൾ വിട്ടൂർ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

2026 - 2027

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം.

1912ൽ കേവലം മൂന്ന് വിദ്യാർത്ഥികളുമായി താഴത്തെ കോവാട്ട് കുട്ടകുറുപ്പിന്റെ ഓലഷെഡിൽ ആരംഭിച്ച ഈ വിദ്യാലയം വിഷ വൈദ്യനായിരുന്ന കല്ലറയ്ക്കൽ പത്മനാഭൻ നായർ, വരിക്കായിൽ വർക്കി കോര, മറ്റത്തിൽ ഉലഹന്നാൻ, പൊട്ടയ്ക്കൽ ചാണ്ടി, മാമ്പിള്ളമാലിൽ പൈലി എന്നി പ്രശസ്ത മതികളുടെ അർപ്പണ മനോഭാവത്തോടെയുള്ള നേതൃത്വത്തിൽ പടവുകൾ ചവിട്ടികയറുകയായിരുന്നു

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും ഇല്ലാതിരുന്ന അക്കാലത്ത് ഇങ്ങനെയൊരു സ്കൂൾ ആരംഭിക്കാനിടയായത് ഒരു ഭാഗ്യം തന്നെയായിരുന്നു. ഈ ദേശത്തുള്ളവർക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിന് ഈ സ്കൂൾ കാരണമായി.

ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകളും പ്രീപ്രൈമറിയും ഇന്നിവിടെ പ്രവർത്തിക്കുന്നു. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഇവിടെയുള്ളത്. ഇവർക്ക് വേണ്ട പിന്തുണയും സഹായവും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, മഹത് വ്യക്തികൾ, പൂർവ്വ വിദ്യാർത്ഥികൾ ഇവർ നല്കിപ്പോരുന്നു.

114-ാം വർഷത്തിലേക്ക് കടക്കുന്ന ഈ വിദ്യാലയത്തിൽ നടപ്പിലാക്കിയതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പ്രവർത്തനങ്ങൾ ഇവയാണ്.

പ്രീപ്രൈമറി മുതൽ 4-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവസമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തുന്നു.

അദ്ധ്യാപനവും, അദ്ധ്യായനവും, സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ടതുണ്ട് എന്ന് ഉറപ്പാക്കൽ

## ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു.

ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും (ലോവർപ്രൈമറി) കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷാകർത്താക്കളെ അറിയിക്കും.

കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഭാഷകൾ സംസാരിക്കാനും, വായിക്കാനും, എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.

മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നു.

അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നു. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ

SRG യോഗത്തിൽ ഗവൺമെന്റ് എൽ.പി.സ്കൂൾ - വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

കരട് രൂപരേഖ SRG, SMC, PTA, MPTA എന്നിവർ അടങ്ങുന്ന ശില്പ ശാലയിൽ അവതരിപ്പിക്കൽ.

## നിലവിലെ അവസ്ഥാ വിശകലനം

എ) ഭൗതികം - നേട്ടങ്ങൾ

ശതാബ്ദി ആഘോഷം 2012

PTA, MPTA, പൂർവ വിദ്യാർത്ഥികൾ, മുൻ അദ്ധ്യാപകർ, സന്നദ്ധ സംഘടനകൾ, എന്നിവരുടെ പൂർണ്ണമായ സഹകരണം വിദ്യാലയത്തിന്റെ അഭിവൃദ്ധിക്ക് കാരണമായി.

സ്കൂളിന്റെ മുറ്റം, ക്ലാസ്സ് മുറികൾ, ഡൈനിംഗ് ഹാൾ എന്നിവ ടൈൽ വിരിച്ച് ഭംഗിയാക്കിയിട്ടുണ്ട്. വർണ്ണ കൂടാരം പൂർത്തിയായി വരുന്നു. ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിച്ചിട്ടുണ്ട്.

ബി - ഭൗതികം - പരിമിതികൾ

ഓഫീസ്, സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല. പ്രവേശന കവാടമില്ല.

സി- അക്കാദമികം - നേട്ടങ്ങൾ

L.S.S. സ്കോളർഷിപ്പ് ലഭിക്കാറുണ്ട്. ഉപജില്ലാ കലാകായിക മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്യാറുണ്ട്.

ഡി) അക്കാദമികം - പരിമിതികൾ

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരണം, ലബോറട്ടറികൾ, ആധുനികവൽക്കരിക്കണം. കലാകായിക പരിശീലനത്തിന് അദ്ധ്യാപകർ ഇല്ല.

പ്രവർത്തനം 1.

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി  ഉപമേഖല :- ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ ഓരോ ദിവസവും കുട്ടികൾ തന്നെ ഇംഗ്ലീഷിൽ അസംബ്ലി നടത്തുക. ഓരോ ദിവസവും ക്ലാസുകൾക്കും ഇടവിട്ട് ചുമതല | ആഴ്ച്ചയിൽ എല്ലാ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 2.

പേര് :- പദപ്രശ്ന നിർമ്മാണം.

ഉപമേഖല : ഇംഗ്ലീഷ് പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
| --- | --- | --- | --- | --- |
| കുട്ടികളിലൂടെയുള്ള ഭാഷാപഠനം. | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ സമയം നൽകുന്നു. | പ്രതിമാസം. | ക്ലാസ് ടീച്ചർ | – |

പ്രവർത്തനം 5

പേര്: നാടകക്കളരി

ഉപമേഖല: ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പാഠപുസ്തകത്തിലെ ഗദ്യഭാഗത്തെ നാടകരൂപത്തിലേക്ക് മാറ്റൽ | ഒരുമാസം | ക്ലാസ് അധ്യാപകർ | - |

പ്രവർത്തനം 6

പേര്: അർത്ഥപൂർണ്ണമായ വായന

ഉപമേഖല:- ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| അർത്ഥപൂർണ്ണമായ വായന | ആശയം മനസിലാക്കി, വാക്യഘടനയോടുകൂടി വായിക്കുക. | എല്ലാദിവസവും | ക്ലാസ് അധ്യാപകൻ | - |

പ്രവർത്തനം 7

പേര്: വർക്ക്ഷീറ്റ് നിർമ്മിക്കൽ

മേഖല :- അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ബാലസാഹിത്യമാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | ബാലമാസികകളിലെ ചിത്രങ്ങൾ ഒരു പേപ്പറിൽ ഒട്ടിച്ച് അതിന് വിവരണം, കഥ, അടിക്കുറിപ്പ് ഇവ എഴുതൽ | മാസത്തിൽ രണ്ടുപ്രാവശ്യം | SRG | — |

പ്രവർത്തനം 8.

പേര് :- ഗ്രന്ഥശാല ശാക്തീകരണം.

ഉപമേഖല :- ഭാഷാശേഷികളുടെ വികസനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം. പി.ടി.എ | |

പ്രവർത്തനം 9

പേര് : <u>ദിനാചരണങ്ങൾ</u>

ഉപമേഖല:- സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ചർച്ചചെയ്ത് നിശ്ചിത ദിവസം സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | എസ്.ആർ.ജി. | - |

പ്രവർത്തനം 10

പേര് : <u>മേളകൾ</u>

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനങ്ങളിലൂടെ പഠിക്കുക. | സ്കൂൾതല മേളകളിലും, ഉപജില്ലാതല മേളകളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ | 10000 |

പ്രവർത്തനം 11

പേര് :- പഠനയാത്രകൾ

മേഖല :- അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ-ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ നടത്തുന്നു. | വർഷത്തിൽ ഒന്ന് വീതം | SRG | |

പ്രവർത്തനം : 12

പേര് :- വാർത്താ ബോർഡ്

മേഖല :- അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ-ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് വാർത്താബോർഡ് സ്ഥാപിച്ച് അന്നത്തെ പ്രധാന വാർത്തകൾ എഴുതിയിടുന്നു. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | അധ്യാപകർ | |

പ്രവർത്തനം 13

പേര്:- പോഷകാഹാര പരിപാടി

മേഖല:- അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ എച്ച്.എം പി.ടി.എ | 50000/- സി.എസ്.ആർ ഫണ്ട്. |

പ്രവർത്തനം: 14

പേര് :- ജന്മദിനത്തൊരു പൂച്ചെടി

മേഖല:- അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| സ്കൂൾ പൂന്തോട്ടം നവീകരണം ചെടികളെയും പൂക്കളെയും സ്നേഹിക്കുക. | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിന് ഒരു ചെടി കൊണ്ടു വന്ന് അതിൽ ഒരു ചെടി നടുന്നു. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ ക്ലാസ് ലീഡർ | - |

പ്രവർത്തനം 15

പേര്: മൺമറഞ്ഞ ആഹാരം

മേഖല: അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കേരളീയരുടെ നാടൻ പലഹാരങ്ങളെ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന ആഹാര സാധനങ്ങൾ, പലഹാരങ്ങൾ ഇവയുടെ പട്ടിക മുതിർന്നവരിൽ നിന്നും ചോദിച്ചറിഞ്ഞ് പാകം ചെയ്യുന്ന വിധത്തിന്റേയും ചേരുവകളുടേയും ചാർട്ട് തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | പിടിഎ SRG | - |

പ്രവർത്തനം 16

പേര്: ഫാസ്റ്റ് ഫുഡ്: - ഫാസ്റ്റ് ഡെത്ത്

മേഖല: അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ദോഷങ്ങൾ തിരിച്ചറിയുക | കടകളിൽ നിന്നും വാങ്ങുന്ന ഫാസ്റ്റ് ഫുഡുകൾ പരിചയപ്പെടുന്നു. ഓരോന്നിലും ചേർക്കുന്ന ചേരുവകൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു. | വർഷത്തിൽ ഒന്ന് | SRG | - |

പ്രവർത്തനം 17

പേര്: പ്രീപ്രൈമറി

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ | വർണ്ണക്കൂടാരം പദ്ധതി പൂർത്തിയാക്കി ഉദ്ഘാടനം നടത്തൽ | 1 മാസം | PTA | SSK |